**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **10-06-2021 - ൽ മറുപടിയ്ക്ക്**

**വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് നിർമ്മാണത്തിനായി എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് പ്രവൃത്തിക്ക് 58.29 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | ഈ റോഡിന്റെ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നിലവിൽ ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നും എന്താണ് തടസ്സം എന്നും വ്യക്തമാക്കുമോ; | (സി) | നിലവിൽ സൗജന്യമായി സ്ഥലം ഏറ്റെടുക്കുന്നതിനാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വടകര ടൗൺ, വില്ല്യാപ്പള്ളി, തണ്ണീർപ്പന്തൽ എന്നിവിടങ്ങളിലെ വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുമാറ്റുകയും കുനിങ്ങാട് 90 ഡിഗ്രി വളവ് നിവർത്തുകയും ചെയ്യുന്നതിന് അധിക സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആയതിനാൽ ജനപ്രതിനിധികളും നാട്ടുകാരുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. |
| (ഡി) | എന്നത്തേയ്ക്ക് ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (ഡി) | സ്ഥലം സൗജന്യമായി ഏറ്റെടുക്കുന്നത് പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ